**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 164** **07-06-2021 - ൽ മറുപടിയ്ക്ക്**

**ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; | (എ) | 01.06.2021-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ 10 ഒഴിവുകളും എം.ജി.എൻ.ആർ. ഇ.ജി.എസ്. ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ 4 ഒഴിവുകളും നിലവിലുണ്ട്. |
| (ബി) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടേയും പ്രകൃതിദുരന്തങ്ങളുടേയും പ്രത്യേക സാഹചര്യത്തിൽ മണ്ഡലാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിനും ബ്ലോക്ക് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുവാനും ചുമതലപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പി.എസ്.സി. ലിസ്റ്റുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ മുൻകാലങ്ങളിൽ ചെയ്തതു പോലെ ജോയിന്റ് ബി.ഡി.ഒ.-മാരെ സ്റ്റോപ് ഗ്യാപ് അറേഞ്ച്മെന്റിൽ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ബൈ ട്രാൻസ്ഫർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് നീക്കിവയ്ക്കപ്പെട്ട ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നേരിട്ടുള്ള നിയമനത്തിന് നീക്കിവയ്ക്കപ്പെട്ട ഒഴിവുകളിലേയ്ക്ക് സ്റ്റോപ്പ് ഗ്യാപ്പ് അറേഞ്ച്മെന്റ് ആയി സ.ഉ(സാധാ) നം.570/2021/തസ്വഭവ തീയതി, 24.02.2021 പ്രകാരം നിയമനം നടത്തിയിട്ടുണ്ട്. അതിനുശേഷം നിലവിൽവന്ന ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ